**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4060** **17-03-2025 - ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിലെ വനിതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | എക്സൈസ് വകുപ്പിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന വനിതകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | എക്സൈസ് വകുപ്പിൽ നിലവിൽ 830 വനിതകൾ സേവനമനുഷ്ഠിക്കുന്നുണ്ട്. |
| (ബി) | ഇവരുടെ തസ്തിക തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ; | (ബി) | |

| ക്രമ നം | സേവനമനുഷ്ഠിക്കുന്ന തസ്തിക | എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | ലാ ഓഫീസർ | 1 | |
| 2 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | |
| 3 | ഫെയർ കോപ്പി സൂപ്രണ്ട് | 1 | |
| 4 | സയന്റിഫിക് ഓഫീസർ | 1 | |
| 5 | എക്സൈസ് ഇൻസ്പെക്ടർ | 2 | |
| 6 | എക്സൈസ് ഇൻസ്പെക്ടർ (ട്രെയിനി) | 18 | |
| 7 | വനിത സിവിൽ എക്സൈസ് ഓഫീസർ | 544 | എക്സൈസ് വകുപ്പിന് അനുവദിച്ചിട്ടുള്ള 593 വനിത സിവിൽ എക്സൈസ് ഓഫീസർ തസ്തികകളിൽ 9 ഒഴിവുകൾ നിലവിലുണ്ട്. |
| 8 | വനിത സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) | 40 | |
| 9 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 8 | |
| 10 | ടൈപ്പിസ്റ്റ് | 32 | |
| 11 | ഓഫീസ് അറ്റൻഡന്റ് | 42 | |
| 12 | പാർട്ട് ടൈം സ്വീപ്പർ | 133 | |

| | | | |
|---|---|---|---|
| 13 | കാഷ്വൽ സ്വീപ്പർ | 6 | |
| 14 | കുക്ക് | 1 | |
| **ആകെ** | | **830** | |

| | | | |
|---|---|---|---|
| (സി) | എക്സൈസ് സ്റ്റേഷനുകളിൽ വനിതാ ജീവനക്കാർക്ക് പ്രത്യേകം ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) | എക്സൈസ് ഓഫീസുകളിൽ വനിതാ ജീവനക്കാർക്ക് പ്രത്യേക ശുചിമുറികളും, വിശ്രമമുറികളും ഒരുക്കിയിട്ടുണ്ട്. |
| (ഡി) | മദ്യവും മയക്കു മരുന്നും വ്യാപകമായ ഈ കാലഘട്ടത്തിൽ എക്സൈസ് വകുപ്പിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന വനിതകളുടെ എണ്ണം പര്യാപ്തമാണോയെന്ന് അറിയിക്കാമോ; | (ഡി) | എക്സൈസ് വകുപ്പിൽ നിലവിൽ സേവനമനഷ്ഠിക്കുന്ന വനിതകളുടെ എണ്ണം അപര്യാപ്തമായതിനാൽ വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനായി എക്സൈസ് കമ്മീഷണർ സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിക്കുകയും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുതിയ തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിഗണിക്കുന്നതിന് നിർവ്വാഹമില്ലെന്ന് എക്സൈസ് കമ്മീഷണറെ അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി 16.04.2025 ൽ അവസാനിക്കുന്ന സാഹചര്യത്തിൽ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ വീണ്ടും പരിശോധിച്ചു വരുന്നു. |
| (ഇ) | എക്സൈസ് വകുപ്പിൽ വനിതകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | എക്സൈസ് വകുപ്പിൽ നിലവിൽ സേവനമനഷ്ഠിക്കുന്ന വനിതകളുടെ എണ്ണം അപര്യാപ്തമായതിനാൽ വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനായി എക്സൈസ് കമ്മീഷണർ സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിക്കുകയും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുതിയ തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിഗണിക്കുന്നതിന് നിർവ്വാഹമില്ലെന്ന് എക്സൈസ് കമ്മീഷണറെ അറിയിക്കുകയും ചെയ്തിരുന്നു.എന്നാൽ വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി 16.04.2025 ൽ അവസാനിക്കുന്ന സാഹചര്യത്തിൽ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ വീണ്ടും പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ